ഏറ്റവും സ്നേഹംനിറഞ്ഞ പാരീഷ്കൗൺസിൽ അംഗങ്ങളെ, ഇടവക കുടുംബാംഗങ്ങളെ,

നാമെല്ലാവരും വളരെ നിർണായകമായ ഒരു സാഹചര്യത്തിലൂടെയാണല്ലോ കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. അദൃശ്യവും, മാരകവുമായ കൊറോണാ വൈറസിൽനിന്നുള്ള മഹാവ്യാധിയിൽ ലോകം മുഴുവൻ സ്തംഭിച്ചുനിൽക്കുന്ന ഈ അവസരത്തിൽ ക്രൈസതവരെ സംബന്ധിച്ച് ഏറ്റവും പരിപാവനമായ വിശുദ്ധവാരം നമുക്ക് മുൻ വർഷങ്ങളിലെപോലെ ഇടവക ദേവാലയത്തിൽ ഒത്തുചേർന്ന് ആചരിക്കുവാൻ സാധിക്കാത്തതിൽ അതിയായ ദുഖ:മുണ്ട്. നമ്മുടെയും നമുക്കു ചുറ്റുമുള്ളവരുടെയും സുരക്ഷക്കായി അധികാരികളുടെ നിർദ്ദേശാനുസരണം നാം സാമൂഹിക അകലം പാലിച്ച് സ്വഭവനങ്ങളിൽ കഴിയുകയാണല്ലോ.

തിരക്കേറിയ ജീവിത സാഹചര്യങ്ങളിലൂടെ നെട്ടോട്ടമോടിക്കൊണ്ടിരിക്കുന്ന നമുക്ക് ഈ അവസരം കുടുംബാംഗങ്ങളൊത്ത് കഴിയുന്നതിനു സർവേശ്വരൻ നല്കിയ ഒരു അവസരമായി കരുതി നമ്മുടെ പ്രീയപ്പെട്ടവരെ ചേർത്തുനിർത്തി സ്നേഹത്തിലും, പ്രാർത്ഥനയിലും, പരസ്പര കരുതലിലും ഈ സമയം ചെലവഴിക്കാം. അങ്ങനെ നമുക്ക് ശക്തമായ ഒരു കുടുംബബന്ധം പുനസ്ഥാപിച്ചുകൊണ്ട് നമ്മുടെ ഇടവകാ സമൂഹത്തെ ശക്തിപ്പെടുത്താം.

മഹാമാരിയുടെ പിടിയിൽപെട്ട് നമ്മുടെ സമൂഹത്തിലെ കുറച്ചെങ്കിലും ആൾക്കാർ പ്രയാസത്തിലൂടെ കടന്നു പോകുന്നുണ്ടാവാം. അവർക്കായി നമുക്ക് സർവശക്തനായ ദൈവത്തോടു പ്രാർത്ഥിക്കാം. അതുപോലെ തന്നെ ആരോഗ്യമേഖലയിൽ ജോലിചെയ്യുന്ന നമ്മുടെ സഹോദരങ്ങളുടെ ആരോഗ്യത്തിനായി പ്രാർത്ഥിച്ചുകൊണ്ട് അവർ നമ്മുടെ സമൂഹത്തിനായി ചെയ്യുന്ന നിസ്വാർത്ഥ സേവനത്തെ നമുക്കു നന്ദിയോടെ ഈ അവസരത്തിൽ ഓർമ്മിക്കാം.

കോവിഡ് മഹാമാരിയുടെ കരാളഹസ്തത്തിൽനിന്നും ലോകത്തെ മുഴുവൻ മോചിപ്പിക്കുന്നതിനായി നമുക്ക് ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കാം. സകലപുണ്യവാന്മാരുടെയും, വിശിഷ്യാ മഹാവ്യാധികളുടെ മദ്ധ്യസ്ഥനായ വിശുദ്ധ സെബസ്ത്യാനോസിനോടും, പരിശുദ്ധ അമ്മയോടും നമുക്കു പ്രാർത്ഥിക്കാം.

ദുഖ:വെള്ളിയുടെ അനുഭവത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന നമുക്ക് പ്രയാസങ്ങളെല്ലാം മാറ്റി ഉത്ഥിതനായ ക്രിസ്തു പ്രത്യാശയുടെയും, സന്തോഷത്തിന്റെയും ദിനങ്ങൾ പ്രദാനം ചെയ്യും. ശുഭാപ്തി വിശ്വാസത്തോടെ ഈ കൊറോണാക്കാലത്തെ അതിജീവിക്കുവാൻ സർവശക്തൻ നമ്മെ അനുഗ്രഹിക്കട്ടെ. തീർച്ചയായും ഈ മഹാമാരിയെ ലോകം അതിജീവിക്കും.

എല്ലാവർക്കും വിശുദ്ധവാരത്തിന്റെയും, ഈസ്റ്ററിന്റെയും മംഗളങ്ങൾ ആശംസിക്കുന്നു.

ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

കൈക്കാരന്മാർക്കുവേണ്ടി,

പോളച്ചൻ വറീദ്